# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 625 — 02-12-2014-ൽ മറുപടിക്ക്

## കേരള ടെക്നോളജി ഇന്നവേഷൻ സോൺ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ കേരള ടെക്നോളജി ഇന്നവേഷൻ സോണിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (എ) കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ ടെക്നോളജി ഇന്നവേഷൻ സോണിന് രൂപം നൽകിയിട്ടില്ല. സ്റ്റേറ്റ് ഐ.ടി. ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ടെക്നോപാർക്ക് ബിസിനസ് ഇൻക്യുബേറ്ററിന്റെ നേതൃത്വത്തിലാണ് കേരളാ സ്റ്റേറ്റ് ടെക്നോളജി ഇന്നവേഷൻ സോണിനു രൂപം നൽകുന്നത്. പുതിയ ഇൻക്യുബേറ്ററുകൾ സ്ഥാപിക്കുക അതിലൂടെ ഐ.ടി., ഐ.ടി ഇതര മേഖലകളിൽ സ്വകാര്യ കമ്പനികളെ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യം. |
| (ബി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) കൊച്ചിയിലെ കിൻഫ്ര ഹൈടെക്ക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് ഇന്നവേഷൻ സോണിനായി 3 ലക്ഷം സ്ക്വയർ ഫീറ്റിൽ കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1 ലക്ഷം സ്ക്വയർ ഫീറ്റിലുള്ള രണ്ടാമത്തെ കെട്ടിടം പകുതിയോളം പൂർത്തിയായിക്കഴിഞ്ഞു. ഈ കെട്ടിടം സ്റ്റാർട്ട് അപ്പ് വില്ലേജിന് കൈമാറും. |
| (സി) ഇതിനുവേണ്ടി എന്തെല്ലാം സഹായങ്ങളാണ് കെ.എസ്.ഐ.ഡി.സി. നൽകുന്നതെന്ന് വിശദമാക്കുമോ ? | (സി) മേൽപ്പറഞ്ഞ പരിപാടികളെല്ലാം തന്നെ ടെക്നോപാർക്ക് ടി.ബി.ഐ. - യുടെ നേതൃത്വത്തിലാണ് നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ